തൊഴിലാളികൾക്ക് രജിസ്റ്റർ വയ്ക്കണമെന്ന്. വ്യവസ്ഥയുണ്ട്; അതൊന്നും ഇന്ന് വയ്ക്കുന്നില്ല. തോട്ടം മേഖലയിലും വ്യവസായമേഖലയിലുമുള്ളതുപോലെ തന്നെ നിലവിലുള്ള കർഷകത്തൊഴിലാളികളുടെ ആശ്രിതർക്ക് പണി കൊടുക്കണമെന്നുണ്ട്. ഇത് പാലക്കാട് മേഖലയ്ക്കു വേണ്ടിയുള്ള ഐ. ആർ. സി. അംഗീകരിച്ച കാര്യമാണ്. സ്ഥിരമായി പണിയെടുക്കുന്ന തൊഴിലാളികൾ വയസ്സാകുമ്പോൾ അവരുടെ മക്കളോ, സഹോദരൻമാരോ അവരെ ആശ്രയിച്ച് കഴിയുന്ന മറ്റാരെങ്കിലുമോ ഉണ്ടെങ്കിൽ അവർക്ക് ഈ രംഗത്ത് ജോലി കൊടുക്കണമെന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അത് അംഗീകരിച്ചുവരുന്ന കാര്യങ്ങളാണ്. അതുപോലെതന്നെ ഭൂമി തുണ്ടുതുണ്ടായി വിൽക്കുന്ന അവസരത്തിൽ, പദ്ധതിപ്രദേശങ്ങൾക്കുവേണ്ടി ഭൂമി ഒഴിപ്പിക്കപ്പെടുന്ന അവസരത്തിൽ തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെടുന്ന സാഹചര്യം വരുമ്പോൾ 30—40 കൊല്ലം സ്ഥിരമായി പാടത്ത് പണിയെടുത്ത കർഷകതൊഴിലാളികൾ വെറും കൈയോടെ പോകേണ്ട ഒരു സ്ഥിതിയാണ് ഇന്ന് നമ്മുടെ സംസ്ഥാനത്തൊട്ടാകെയുള്ളത്. മറ്റു പല തൊഴിലാളികൾക്കും പല തരത്തിലുള്ള ആനുകൂല്യങ്ങൾ (കോംപൻസേഷൻ, വർക്കുമെൻ കോംപെൻസേഷൻ, നഷ്ടപരിഹാരം ഇതെല്ലാം) കൊടുക്കാൻ വ്യവസ്ഥകളുണ്ട്. എന്നാൽ കർഷക തൊഴിലാളികൾക്ക് ഇത്തരത്തിലുള്ള യാതൊരു വ്യവസ്ഥകളുമില്ല.

(ചർച്ച തുടരും)

മി. സ്പീക്കർ: ശ്രീ. പി. സി. ജോർജിന് 1985—ലെ കേരള സഹകരണസംഘം (ഭേദഗതി) ബിൽ അവതരിപ്പിക്കാൻ സഭ അനുമതി നൽകിയിരിക്കുന്നു.

ശ്രീ. പി. സി. ജോർജ്: സർ, ഈ ബിൽ ഞാൻ പിൻവലിച്ചതാണ്.

മി. സ്പീക്കർ: ശ്രീ. പി. സി. ജോർജ് അങ്ങേക്ക് ബിൽ അവതരിപ്പിക്കാൽ അനുമതി നൽകി.

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ ബിൽ പിൻവലിച്ചതാണ്.

മി. സ്പീക്കർ: അങ്ങ് പിൻവലിക്കാൻ ആഗ്രഹം പ്രകടിപ്പിച്ചു. പക്ഷേ അന്ന് സഭ സമ്മതിച്ചില്ല. ഇനി അടുത്ത ദിവസം ബിൽ അവതരിപ്പിച്ച് സംസാരിക്കാം.

1985—ലെ കേരള പാതുപ്രവർത്തകർ (അഴിമതി നിരോധന) ഭേദഗതി ബിൽ

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, കേരളത്തിലെ അഴിമതി നിരോധനകമ്മീഷന്റെ പ്രവർത്തനം ആരംഭിച്ചിട്ട് വർഷങ്ങൾ രണ്ട് പിന്നിട്ടിരിക്കുന്നു. എന്റെ കയ്യിൽ രണ്ടാമത്തെ ആനവൽ റിപ്പോർട്ട് (സഭയിൽ സർക്കുലേറ്റ് ചെയ്തത്) ഉണ്ട്. ഞാൻ നമ്മുടെ ഭരണക്കാരോട് വളരെ വിനീതമായി ചോദിക്കുകയാണ്. ഈ റിപ്പോർട്ടിലെ വളരെ പ്രസക്തമായ ഒരു ഭാഗം ഗവൺമെന്റിന്റെയും ഭരണക്കാരുടെയും

LIBRARY ARCHIVES Kerala Legislative Assembly

ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ഉദ്ദേശിക്കുന്നു. അതിൽ പറയുന്നത് ഒരാൾ അയാളുടെ വരുമാനവുമായി തട്ടിച്ചു നോക്കുമ്പോൾ ബന്ധമില്ലാത്ത നിലയിൽ സ്വത്ത് സമ്പാദിക്കുന്നതു് അഴിമതിയാണെന്നാണ്. കമ്മീഷൻ ഈ ശുപാർശ ആദ്യത്തെ റിപ്പോർട്ടിലും ഉൾക്കൊള്ളിച്ചിരുന്നു. എന്റെ ഭേദഗതി ബില്ലും അതിനുവേണ്ടിയാണ്. സ്വത്തു സമ്പാദനം ഒരു അഴിമതിയായി ചേർക്കണമെന്ന് കമ്മീഷൻ ആദ്യത്തെ റിപ്പോർട്ടിലും ആവശ്യപ്പെട്ടിരുന്നു. അതിനുവേണ്ടിയുള്ള ഡ്രാഫ്റ്റ് റൂളും 'a public man' എന്നു പറഞ്ഞ് ഇതിൽ ചേർത്തിട്ടുണ്ട്. അങ്ങനെ അഴിമതിയുടെ നിർവ്വചനത്തിൽ സ്വത്ത് സമ്പാദനം ചേർക്കണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു. അതു സംബന്ധിച്ച് ഒരു വട്ടം ചർച്ചയും നടന്നു. അങ്ങനെ സ്വത്തു സമ്പാദിക്കുന്ന ആളുകളെ സംബന്ധിച്ചിടത്തോളം പൂർണ്ണമായ അന്വേഷണം നടത്തുന്നതിന് കമ്മീഷനു അധികാരം കൊടുക്കണമെന്നാണ് രണ്ടു റിപ്പോർട്ടിലും അവർ ആവശ്യപ്പെട്ടിരുന്നത്. ഞാൻ ഈ രാജ്യത്തെ ഭരണക്കാരോടും മുഖ്യമന്ത്രിയോടും ചോദിക്കുകയാണ്. അങ്ങ് ഈ രാജ്യത്ത് പല ഓർഡിനൻസുകളും കൊണ്ടുവന്നില്ലേ? ഈ സംസ്ഥാനത്ത് ദേവസ്വം ബോർഡിനുവേണ്ടി മെമ്പർഷിപ്പിനുവേണ്ടി സത്യവാങ്മൂലം നൽകുന്ന ഓർഡിനൻസ് കൊണ്ടുവന്നു. അതുപോലെതന്നെ ഇന്നലെ 55 വയസ്സ് 60 വയസ്സാക്കാൻ ഓർഡിനൻസ് കൊണ്ടുവന്നു. തൊട്ടതിനൊക്കെ ഓർഡിനൻസ് കൊണ്ടുവന്ന ഈ ഗവൺമെന്റ് എന്തുകൊണ്ട് ഇക്കാര്യത്തിൽ ഓർഡിനൻസു കൊണ്ടുവന്നില്ല? ആർക്കെങ്കിലും ഇതിൽ എതിരുണ്ടോ? ഈ രാജ്യത്ത് ഒരു കുഞ്ഞുപോലും എതിരു പറയുകയില്ല. നമ്മളെ എത്രയോ ഓർഡിനൻസുകളും കൊണ്ടുവന്നവരാണ്. ഓർഡിനൻസ് നിയമമാക്കാൻ വേണ്ടിയുള്ള സമ്മേളനമാണിത്. ഈ സമ്മേളനത്തിലെങ്കിലും അഴിമതിയെ സംബന്ധിച്ച് ഒരു നിർവ്വചനം കൊടുത്തു ഇതു കുറ്റകരമാക്കുന്ന ഒരു ഓർഡിനൻസ് മുഖ്യമന്ത്രി കരുണാകരൻ കൊണ്ടുവന്നിരുന്നു എങ്കിൽ അദ്ദേഹത്തിന്റെ അഴിമതി നിരോധന പ്രസംഗത്തിൽ ആത്മാർത്ഥതയുണ്ടെന്നു പറയാമായിരുന്നു. ഇതൊരു മേനി പറച്ചിലല്ലാണ്. ഈ ഗവൺമെന്റ് അഴിമതിയെ പ്രോത്സാഹിപ്പിക്കുക മാത്രമല്ല അഴിമതിക്കു കൂട്ടുനിൽക്കുകയും ചെയ്യുന്നു. അതുകൊണ്ട് അഴിമതി നിരോധന നിയമത്തിൽ ഭേദഗതി വരുത്തി ഓർഡിനൻസു കൊണ്ടുവന്നാൽ ഒരു കാര്യം വ്യക്തമാണ് ഈ മന്ത്രിസഭയിലുള്ള നാലഞ്ചു പേർ നിയമസഭാ സ്ഥാനാർത്ഥികളെപ്പോലും ആവുകയില്ല. അതിനെ ഭയന്നിട്ടാണ്, തൊട്ടതിനൊക്കെ ഓർഡിനൻസു കൊണ്ടുവന്ന ഈ ഗവൺമെന്റ് അഴിമതി നിരോധന കമ്മീഷൻ രണ്ടു തവണ കൊണ്ടുവന്ന് ശുപാർശ ചെയ്തിട്ടും പ്രതിപക്ഷം പറഞ്ഞിട്ടും ഈ ഓർഡിനൻസു കൊണ്ടുവരാത്തത്. എന്തിനാണ് ഈ അഴിമതി നിരോധനം? മേനി പറച്ചിലല്ലേ നിങ്ങൾക്കുള്ളൂ? നിങ്ങൾക്കുവല്ല ആത്മാർത്ഥതയും ഉണ്ടോ? ഇക്കാര്യത്തിൽ ഓർഡിനൻസു കൊണ്ടുവരാൻ നിങ്ങൾക്കു ഭയമാണ്.

1985—ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ

(ശ്രീ കോടിയേരി ബാലകൃഷ്ണൻ നോട്ടീസ് നൽകിയത്)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, സഹകാര്യമേഖലയിൽ പുതിയ കോളേജുകളും സ്കൂളുകളും അനുവദിക്കരുതെന്നും അൺ എയിഡഡ് അംഗീകൃത സ്കൂളുകളിലെ അദ്ധ്യാപകരുടെ സേവനവേതന വ്യവസ്ഥകൾ നിശ്ചയിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കേരള വിദ്യാഭ്യാസ ആക്ടിന്റെ ഭേദഗതി എന്ന നിലയിൽ ആണ് വിദ്യാഭ്യാസ ഭേ

LIBRARY ARCHIVES Kerala Legislative Assembly